"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- കൊല്ലം ജില്ലയിലെ വരിഞ്ഞം കുഞ്ഞികൃഷ്ണപിള്ള മെമ്മോറിയൽ യു.പി.സ്കൂളിലെ ഫുൾ ടൈം ഉറുദു അദ്ധ്യാപികയായ ശ്രീമതി.സന്ദജ.എൻ ഫയൽ ചെയ്ത റിട്ട് ഹർജി നം.33441/2022 മേലുള്ള 13/12/2022 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2318/2023/GEDN തീയതി,തിരുവനന്തപുരം, 03-04-2023

---

പരാമർശം:-

1. കൊല്ലം കുഞ്ഞികൃഷ്ണപിള്ള മെമ്മോറിയൽ യു.പി.സ്കൂളിലെ ഉറുദു ടീച്ചറായ ശ്രീമതി.സന്ദജ.എൻ ഫയൽ ചെയ്ത റിട്ട് ഹർജി നം.33441/2022 മേലുള്ള 13/12/2022 തീയതിയിലെ വിധിന്യായം

2. ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23/01/2023 തീയതിയിലെ ഡി/3203/2022 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28/01/2023 തീയതിയിലെ DDEKLM/4878/2022-B2 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്
4. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/01/2023 തീയതിയിലെ ബി1/11668/2022 നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30-01-2023 തീയതിയിലെ എഫ്4/698/2023/ഡി.ജി.ഇ നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ വരിഞ്ഞം കുഞ്ഞികൃഷ്ണപിള്ള മെമ്മോറിയൽ യു.പി.സ്കൂളിലെ ഫുൾ ടൈം

ഉറുദു അദ്ധ്യാപികയായ ശ്രീമതി.സന്തൂജ.എൻ ഫയൽ ചെയ്ത റിട്ട് ഹർജി നം.33441/2022 മേല്പള്ള പരാമർശം 1 വിധിന്യായത്തിൽ ബഹു.ഹൈക്കോടതി ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് വിധിന്യായം ലഭിച്ച് 3 മാസത്തിനുള്ളിൽ ഹർജിക്കാരിയെയും ആറാം എതിർകക്ഷിയായ മാനേജറെയും നേരിൽകേട്ട ശേഷം Ext.P7 ഹർജി തീർപ്പാക്കാൻ നിർദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരിയുടെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 31.01.2023 ൽ നേരിൽ കേട്ടു.

2. ശ്രീമതി.സന്തൂജ.എൻ -ന്റെ പാർട്ട് ടൈം ഉറുദു അദ്ധ്യാപികയായുള്ള നിയമനം 04-06-2007 മുതൽ അംഗീകരിച്ച് 04-06-2012 മുതൽ ഫുൾ ടൈം ഉറുദു അദ്ധ്യാപികയായി ഫുൾ ടൈം പ്രൊട്ടക്ഷനും അനുവദിച്ച ഉത്തരവാകണമെന്നുമാണ് Ext. P7 ഹർജിയിലെ ആവശ്യം

3. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

4. ശ്രീമതി.എൻ.സന്തൂജയെ 31.07.2006 പ്രാബല്യത്തിൽ ലോവർ ഗ്രേഡ് ഉറുദു അധ്യാപികയായി വരിഞ്ഞം കെ.കെ.പി.എം.യു.പി സ്കൂളിൽ മാനേജർ നിയമിച്ചു. എന്നാൽ 2006-07 അധ്യയന വർഷം പ്രസ്തുത സ്കൂളിൽ ഉറുദു അധ്യാപികയുടെ തസ്തിക, തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയിരുന്നില്ല. ഉറുദു പഠിക്കുന്ന കുട്ടികൾ സ്കൂളിൽ ഉണ്ടായിരുന്നതായി 2006-07 തസ്തിക നിർണ്ണയ ഉത്തരവിൽ പരാമർശങ്ങൾ ഇല്ല. എന്നാൽ 2007-08 ലെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം ഉറുദു ടീച്ചറുടെ തസ്തിക ചാത്തന്നൂർ ഉപജില്ല വിദ്യാഭ്യാസ ആഫീസിൽ നിന്നും അനുവദിക്കുകയും ടി തസ്തിക ഇപ്പോഴും ടി സ്കൂളിൽ തുടരുകയും ചെയ്യുന്നു. 17.08.2005 ലെ ജി.ഒ. (പി) നമ്പർ. 317/2005 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധിക തസ്തികകളിലെ നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഈ കാരണത്താൽ ശ്രീമതി.എൻ.സന്തൂജയുടെ പാർട്ട് ടൈം ഉറുദു അധ്യാപിക തസ്തികയിലെ നിയമനം ചാത്തന്നൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ചു നൽകിയിരുന്നില്ല. 12-01-2010 ലെ ജി.ഒ.(പി) നമ്പർ. 10/2010/GEDN പ്രകാരം ടി നിയന്ത്രണങ്ങൾക്ക് സർക്കാർ ഇളവുകൾ അനുവദിക്കുകയും 2007-08 മുതൽ 2009-10 വരെ മാനേജർമാർ നടത്തിയ നിയമനങ്ങൾ ചില വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അംഗീകരിച്ചു നൽകാൻ വിദ്യാഭ്യാസ

ആഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിൻ പ്രകാരം അധിക തസ്തികകളിലെ നിയമനങ്ങൾ അംഗീകരിക്കണമെങ്കിൽ 2007-08 മുതൽ 2009-10 വരെ അധിക തസ്തികകളിൽ നിയമിച്ച അധ്യാപകരുടെ തത്തുല്യം എണ്ണം സംരക്ഷിതാദ്ധ്യാപകരെ വരും വർഷങ്ങളിൽ ഉണ്ടാകുന്ന തസ്തികകളിൽ നിയമിച്ച കൊള്ളാമെന്ന് സ്കൂൾ, മാനേജർ മുദ്ര പത്രത്തിൽ നോട്ടറി സാക്ഷ്യപ്പെടുത്തലോടു കൂടിയ ബോണ്ട് സമർപ്പിക്കണമായിരുന്നു. വരിഞ്ഞം കെ.കെ.പി.എം.യു.പി സ്കൂൾ മാനേജർ ജി.ഒ. (പി) 10/2010 തീയതി 12-01-2010 പ്രകാരം ഉള്ള ബോണ്ട് സമർപ്പിച്ചിട്ടില്ല. ആയതിനാൽ ശ്രീമതി.എൻ.സനുജയുടെ നിയമനം അംഗീകരിക്കുകയുണ്ടായില്ല. തുടർന്ന് ജി.ഒ. (പി ).199 /2011 തീയതി 01-10-2011 ലെ സർക്കാർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ നിയമനം ലഭിക്കാത്ത അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് വ്യക്തത സർക്കാർ വരുത്തുകയും അധ്യാപക പാക്കേജ് നടപ്പാക്കുന്നതിൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതനുസരിച്ച് ശ്രീമതി.എൻ.സനുജയെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തുകയും 01.06.2011 മുതൽ പാർട്ട് ടൈം ലോവർ ഗ്രേഡ് ഉറുദു അധ്യാപികയായി ഈ കാര്യാലയത്തിലെ 26.12.2011 ലെ സി/5565/2011 ഉത്തരവ് പ്രകാരം വരിഞ്ഞം കെ.കെ.പി.എം.യു.പി സ്കൂളിൽ നിയമനം അംഗീകരിച്ച നൽകുകയും ചെയ്തു. 01.06.2016 മുതൽ പാർട്ട് ടൈം ലോവർ ഗ്രേഡ് ഉറുദു തസ്തികയിൽ ഫുൾ ടൈം ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ശ്രീമതി.എൻ.സനുജ പ്രഥമാധ്യാപകൻ മുഖേന അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.ഒ.(എം.എസ്) നമ്പർ.152/78 തീയതി. 02.05.1978, ജി.ഒ.(എം.എസ്) നമ്പർ.62/73 തീയതി. 02.05.1973 ഉത്തരവുകൾ പ്രകാരം ഫുൾ ടൈം ആനുകൂല്യങ്ങൾ 01.06.2016 മുതൽ അനുവദിച്ച നൽകുകയുണ്ടായി. റഗുലർ തസ്തികയിൽ നിയമനം അംഗീകരിച്ച തീയതിയിലെ 01.06.2011 മുതൽ 5 വർഷം പൂർത്തിയായ മുറയ്ക്ക് ടിയാരിയുടെ അപേക്ഷ പ്രകാരമാണ് 01.06.2016 മുതൽ ഫുൾ ടൈം ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയത്.

5. ശ്രീമതി.എൻ.സനുജയെ 31.07.2006 പ്രാബല്യത്തിൽ ലോവർ ഗ്രേഡ് ഉറുദു അധ്യാപികയായി വരിഞ്ഞം കെ.കെ.പി.എം.യു.പി സ്കൂളിൽ മാനേജർ നിയമിച്ചു. എന്നാൽ 2006-07 അധ്യയന വർഷം പ്രസ്തുത സ്കൂളിൽ ഉറുദു അധ്യാപികയുടെ തസ്തിക, തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ച നൽകിയിരുന്നില്ല. ഉറുദു പഠിക്കുന്ന കുട്ടികൾ സ്കൂളിൽ ഉണ്ടായിരുന്നതായി 2006-07 തസ്തിക നിർണ്ണയ ഉത്തരവിൽ പരാമർശങ്ങൾ ഇല്ല. എന്നാൽ 2007-08 ലെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം ഉറുദു ടീച്ചറുടെ തസ്തിക ചാത്തന്നൂർ ഉപജില്ല വിദ്യാഭ്യാസ ആഫീസിൽ നിന്നും അനുവദിക്കുകയും ടി തസ്തിക ഇപ്പോഴും ടി സ്കൂളിൽ തുടരുകയും

ചെയുന്നു.

6. മേൽ സാഹചര്യത്തിൽ, 2007-08 ലെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം ഉറുദു ടീച്ചറുടെ തസ്തിക ചാത്തന്നൂർ ഉപജില്ല വിദ്യാഭ്യാസ ആഫീസിൽ നിന്നും അനുവദിക്കുകയും ടി തസ്തിക ഇപ്പോഴും ടി സ്കൂളിൽ തുടരുകയും ചെയുന്നതിനാലും ബഹു കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ബഹു: സുപ്രീം കോടതിയിൽ ഇതു സംബന്ധമായി നിലനിൽക്കുന്ന കേസുകളിലുണ്ടാകുന്ന അന്തിമ വിധിയ്ക്ക് വിധേയമായി, മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കിലെടുത്തുകൊണ്ടും പാർട്ട്ടൈം ലോവർ ഗ്രേഡ് ഉറുദു തസ്തികയിലെ 04.06.2007 മുതലുള്ള ശ്രീമതി.എൻ.സന്ദൂജയുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം റിട്ട് ഹർജി നം.33441/2022 മേലുള്ള പരാമർശം 1 വിധിന്യായം പാലിച്ചിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം, തേവള്ളി- 691009

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാത്തന്നൂർ, കൊല്ലം- 691572

ജില്ലാവിദ്യാഭ്യാസ ഓഫീസർ, കൊല്ലം- 691013

ശ്രീമതി.സന്ദൂജ.എൻ, ഉറുദു ടീച്ചർ (ഫുൾടൈം) കുഞ്ഞികൃഷ്ണപിള്ള മെമ്മോറിയൽ യു.പി.സ്കൂൾ, വരിഞ്ഞം, എടനാട്.പി.ഒ, കൊല്ലം- 691579

മാനേജർ, കുഞ്ഞികൃഷ്ണപിള്ള മെമ്മോറിയൽ യു.പി.സ്കൂൾ, വരിഞ്ഞം, എടനാട്.പി.ഒ, കൊല്ലം- 691579

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 03-04-2023 15:48:28